**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5952 — 09.07.2012-ൽ മറുപടിക്ക്

**കെ.എസ്.റ്റി.പി 2-ാം ഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.ഹംസ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). കെ.എസ്.റ്റി.പി- 2-ാം ഘട്ടത്തിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ). കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ടത്തിൽപ്പെടുത്തി 1000 കി.മീ. ഹെവി മെയിന്റനൻസ് ചെയ്യുന്നതിൽ ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകൾ പരിഗണിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനം കഴിഞ്ഞാൽ മാത്രമേ ഏത് റോഡാണെന്ന് പറയുവാൻ കഴിയുകയുള്ളൂ. |
| (ബി). കെ.എസ്.റ്റി.പി രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ബി). കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ട പ്രവൃത്തികൾ 2012 ഡിസംബർ മാസത്തോടുകൂടി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. |
| (സി). എത്ര തുകയാണ് കെ.എസ്.റ്റി.പി 2-ാം ഘട്ടത്തിൽ വകയിരുത്തുവാൻ ഉദ്ദേശിക്കുന്നത്; | (സി). കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ടത്തിന് 2942 കോടി രൂപ ചെലവ് വരുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. |
| (ഡി). 2012-13 വർഷത്തെ എത്ര തുക കെ.എസ്.റ്റി.പി 2-ാം ഘട്ടത്തിനായി വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്? | (ഡി). 2012-2013 സംസ്ഥാന ബഡ്ജറ്റിൽ 25 കോടി രൂപയാണ് കെ.എസ്.ടി.പി.-ക്ക് വകയിരുത്തിയിരിക്കുന്നത്. ഇത് ഉപയോഗിച്ച് രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ പണികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ